'ഭരണഭാഷ- മാതൃഭാഷ'

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- പുനലൂർ നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന- ശ്രീ ജോളി മാത്യൂ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I, ശ്രീമതി ബി.സുലഭ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് എന്നിവർക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

**സ.ഉ.(സാധാ) നം.2107/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 27/09/2019

---

പരാമർശം:- 1 വിജിലൻസ് &ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 08.2016 തീയതിയിലെ ഇ26(എസ്.സി.5/16/കൊല്ലം)19299/2016 നമ്പർ കത്ത്

2 സർക്കാരിന്റെ 17.03.2017തീയതിയിലെ ഇയു2-310/2016-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3 നഗരകാര്യ ഡയറക്ടറുടെ 12.03.2019 തീയതിയിലെ വി1- 8217/17 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പുനലൂർ നഗരസഭയിൽ 16.01.2016- ൽ വിജിലൻസ് ആന്റ് ആന്റി കറപ് ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ ടി നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ശ്രീ ജോളി മാത്യൂവും ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ശ്രീമതി ബി. സുലഭയും അനധികൃതമായി ഡ്യൂട്ടിയിൽ ഹാജരില്ലാത്തതായി കണ്ടെത്തിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തതനുസരിച്ച് ടിയാളുകൾക്ക് പരാമർശം 2 പ്രകാരം കുറ്റാരോപണമെമ്മോ/പത്രിക നൽകിയിരുന്നു. കുറ്റാരോപണ മെമ്മോയ്ക്ക് ടിയാളുകൾ സമർപ്പിച്ച മറുപടികളിന്മേൽ പുനലൂർ നഗരസഭാ സെക്രട്ടറിയുടെ അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു

2. പുനലൂർ നഗരസഭയിൽ വിജിലൻസ് പരിശോധന നടന്ന 16.01.2016- ൽ ശ്രീ ജോളിമാത്യൂ ഓഫീസിൽ ഹാജരാകാതിരുന്നത് ടിയാന്റെ പിതാവിന്റെ അസുഖത്തെ തുടർന്ന് അത്യാവശ്യ സാഹചര്യത്തിൽ ആശുപത്രിയിൽ കൊണ്ടു പോകേണ്ടി വന്നതിനാലാണെന്ന് ടിയാൻ മറുപടി നൽകിയിരുന്നു. അന്നേ ദിവസം രാവിലെ 10 മണിക്ക് ഓഫീസിൽ വിളിച്ച് വിവരം അറിയിച്ചിട്ടുള്ളതും അവധി ആവശ്യപ്പെട്ടിട്ടുള്ളതുമാകയാൽ ടിയാന്റെ ഭാഗത്തു നിന്നുള്ള വീഴ്ച മാപ്പാക്കണമെന്നും ടിയാൻ അപേക്ഷിച്ചിരിക്കുന്നു .

3. വിജിലൻസ് പരിശോധനാ ദിവസം ശ്രീമതി. പി. സുലഭ നെടുമൺകാവ് പ്രൈമറി ഹെൽത്ത് സെന്ററിൽ ഗ്യാസ് ട്രൈറ്റിസിനെ തുടർന്ന് അഡ്മിറ്റ് ചെയ്തു കിടക്കുകയായിരുന്നുവെന്നും , അസുഖത്തിന്റെ കാഠിന്യം മൂലമാണ് അവധിക്ക് അപേക്ഷിക്കാൻ സാധിക്കാത്തതെന്നും ടിയാരി മറുപടി നൽകിയിരുന്നു. മന:പൂർവ്വമല്ലാത്ത വീഴ്ച മാപ്പാക്കണമെന്നും തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചിട്ടുള്ളതാണ്.

4. ശ്രീ ജോളി മാത്യുവിന്റെ പേരിൽ മുമ്പ് അച്ചടക്ക നടപടികളൊന്നും ഉണ്ടായിട്ടില്ലെന്നും സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതിനാൽ പ്രസ്തുത ദിവസം കാഷ്വൽ ലീവായി പരിഗണിച്ച് തുടർനടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്ന് പുനലൂർ നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു. ശ്രീമതി പി.സുലഭ അസുഖം നിമിത്തം ചികിത്സയിലാണെന്ന് മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം മറുപടി ഹാജരാക്കിയ സാഹചര്യത്തിൽ കാഷ്വൽ ലീവായി പരിഗണിച്ച് മറ്റ് നടപടികളിൽ നിന്നും ഒഴിവാക്കാവുന്നതാണെന്നും റിപ്പോർട്ടിൽ പരാമർശിക്കുന്നു .

5. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം അനധികൃതമായി ജീവനക്കാർ ഓഫീസിൽ ഹാജരാകാതിരിക്കുന്നത് ആശ്വാസ്യമല്ലാത്തതും മേൽ നടപടികൾ സ്വീകരിക്കാവുന്നതുമാണ് എന്നും അറിയിക്കുന്നു. എന്നാൽ ശ്രീ ജോളി മാത്യുവിന്റെ മറുപടിയിൽ ആകസ്മിക സാഹചര്യങ്ങൾ ഉണ്ടായിട്ടുള്ളതായി വിവരിക്കുന്നതും ആയത് പരിഗണിക്കാവുന്നതുമാണ് എന്നും ടിയാൻ 31.05.2018- ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതുമാണ് എന്നും റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ ശ്രീമതി.പി.സുലഭ അസുഖം നിമിത്തമാണ് ഓഫീസിൽ ഹാജരാകാത്തതെന്ന് മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം മറുപടി നൽകിയിട്ടുള്ളതാണ് എന്നും ടിയാളുകളുടെ മറുപടിയും നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ടും പരിഗണിച്ച് ശ്രീ. ജോളി മാത്യൂ, ശ്രീമതി.പി. സുലഭ എന്നിവരെ തുടർനടപടികളിൽ നിന്നും ഒഴിവാക്കി അച്ചടക്ക നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

6. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട് കുറ്റാരോപണമെമ്മോയിന്മേലുള്ള മറുപടി നഗരകാര്യ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് എന്നിവ പ്രകാരം

വിശദമായി പരിശോധിച്ചു. പുനലൂർ നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ശ്രീ ജോളി മാത്യുവും ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ശ്രീമതി .ബി. സുലഭയും അനധികൃതമായി ഡ്യൂട്ടിയിൽ ഹാജരില്ലാത്തതായി കണ്ടെത്തുകയുണ്ടായിയെന്ന ആരോപണത്തിന്മേൽ ടിയാളുകളുടെ മറുപടി വസ്തുതാപരമാണെന്ന് ഇക്കാര്യത്തിലുള്ള നഗരസഭാസെക്രട്ടറിയുടെ അന്വേഷണത്തിൽ കണ്ടെത്തിയിരുന്നതിനാൽ നഗരകാര്യഡയറക്ടറുടെ ശുപാർശ അംഗീകരിക്കാവുന്നതാണെന്ന് കാണുന്നു.

7. മേൽ സാഹചര്യത്തിൽ പുനലൂർ നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിലെ കണ്ടെത്തലുകളെ തുടർന്ന് ടി നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I ശ്രീ ജോളി മാത്യുവും ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ശ്രീമതി.ബി.സുലഭ എന്നിവർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടിയിൽ തുടർനടപടികൾ അവസാനിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ആർ .എസ് .കണ്ണൻ**
**സ്പെഷ്യൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ,കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ ജോളി മാത്യു,ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് I , പുനലൂർ നഗരസഭ
(നഗരകാര്യഡയറക്ടർ മുഖേന)
ശ്രീമതി ബി. സുലഭ,ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്, പുനലൂർ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ്
(20.04.2019 തീയതിയിലെ VIG-D1/271/2019-VIG നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ